# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 2026

## മാതൃകാചോദ്യപേപ്പർ

## ഗണിതം

ക്ലാസ് – 5 സമയം : **2** മണിക്കൂർ **15** മിനിറ്റ്

---

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ **15 മിനിറ്റ് സമാശ്വാസ സമയമാണ്.** ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **5, 6** എന്നിവയിൽ ഓരോന്നിലും 2 ചോദ്യങ്ങൾ വീതമുണ്ട്. അതിൽ **ഓരോന്നു വീതം** എഴുതിയാൽ മതി.

---

**(1)** അക്കങ്ങൾ ആവർത്തിക്കാതെ എഴുതിയ ഒരു അഞ്ചക്ക സംഖ്യയാണ് 53427

a. ഇതേ അക്കങ്ങൾ എല്ലാം ഉപയോഗിച്ച് എഴുതാവുന്ന ഏറ്റവും ചെറിയ അഞ്ചക്ക സംഖ്യയേത്?

b. ഈ അക്കങ്ങൾ എല്ലാം ഉപയോഗിച്ചെഴുതാവുന്ന ഏറ്റവും വലിയ അഞ്ചക്ക സംഖ്യയുടെ ഒന്നിന്റെ സ്ഥാനത്തെ അക്കം ഏത്?

c. ഈ അക്കങ്ങൾ എല്ലാം ഉപയോഗിച്ചെഴുതാവുന്ന അഞ്ചക്ക സംഖ്യകളിൽ ഏറ്റവും വലുതും ഏറ്റവും ചെറുതും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ശരിയായ പ്രസ്താവന ഏത്?

A. 50000 ൽ കൂടുതലാണ്.

B. 50000 ൽ കുറവാണ്.

C. ഒന്നിന്റെ സ്ഥാനത്ത് 7 ആണ്.

D. 60000 നും 70000 നും ഇടയിലാണ്.

d. 5, 3, 4 എന്നീ അക്കങ്ങൾ ഉപയോഗിച്ച് ഒരു അഞ്ചക്ക ഇരുവഴിസംഖ്യ എഴുതുക.

e. 1, 2, 3, 0 എന്നീ അക്കങ്ങൾ എല്ലാം ഉപയോഗിച്ചെഴുതാവുന്ന എല്ലാ നാലക്ക സംഖ്യകളും എഴുതിയാൽ അവയിൽ നൂറിന്റെ സ്ഥാനത്ത് 0 വരുന്ന സംഖ്യകൾ എത്രയെണ്ണമുണ്ടാകും?

© State Assessment cell - SCERT Kerala

**(2)** ഈ സംഖ്യകൾ നോക്കൂ

1632482, 1537821, 350421, 358212

a. ഈ സംഖ്യകൾ വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമീകരിച്ചെഴുതിയാൽ അവസാനം വരുന്ന സംഖ്യ ഏത്?

b. ഇവയിൽ രണ്ട് സംഖ്യകളുടെ തുക 1982903 ആണ്. ആ സംഖ്യകൾ ഏതെല്ലാം?

c. ഇവയിൽ ഏറ്റവും വലിയ സംഖ്യയുടെയും ചെറിയ സംഖ്യയുടെയും വ്യത്യാസം എത്ര?

d. ഇവയിൽ ഏറ്റവും വലിയ സംഖ്യയെക്കുറിച്ചുള്ള ചില പ്രസ്താവനകളാണ് ചുവടെയുള്ളത്.

i. സംഖ്യ 1 മില്യനേക്കാൾ കുറവാണ്.

ii. സംഖ്യ 1 മില്യനേക്കാൾ കൂടുതലാണ്.

iii. സംഖ്യ 5 ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയിലാണ്.

iv. സംഖ്യ 10 ലക്ഷത്തിനും 20 ലക്ഷത്തിനും ഇടയിലാണ്.

മുകളിലെ പ്രസ്താവനകളെക്കുറിച്ച് ശരിയായത് തിരഞ്ഞെടുക്കുക.

**A.** (i) ഉം (iv) ഉം ശരിയാണ്.

**B.** (ii) ഉം (iii) ഉം ശരിയാണ്.

**C.** (i) ഉം (iii) ഉം ശരിയാണ്.

**D.** (ii) ഉം (iv) ഉം ശരിയാണ്.

**(3)**

a. 1395 പേന 12 വീതമുള്ള പാക്കറ്റുകളാക്കിയാൽ എത്ര പേന മിച്ചം ഉണ്ടാകും?

b. ഇനി എത്ര പേന ഉണ്ടെങ്കിൽ ഒരു പാക്കറ്റ് കൂടി നിറയ്ക്കാം?

c. $128 \div 8$ ന് തുല്യമായത് ഏതാണ്?

**A.** $64 \div 16$

**B.** $64 \div 8$

**C.** $64 \div 4$

**D.** $256 \div 4$

d.

| | | | |
|---|---|---|---|
| 0 | 1 | 2 | 3 |
| 4 | 5 | 6 | 7 |
| 8 | 9 | 10 | 11 |
| 12 | 13 | 14 | 15 |

ഈ ക്രമം തുടർന്നെഴുതിയാൽ ഇരുപതാമത്തെ വരിയിലെ അവസാന സംഖ്യ ഏതായിരിക്കും?

© State Assessment cell - SCERT Kerala

**(4)**

a) ഒരു സംഖ്യയെ 4 കൊണ്ട് ഹരിച്ചാൽ മിച്ചമായി വരുന്ന സംഖ്യകൾ ഏതെല്ലാം?

b) 4 കൊണ്ട് ഹരിച്ചാൽ 3 മിച്ചം വരുന്ന സംഖ്യകളാണ് 3, 7, 11, … എന്നിവ. തുടർന്ന് വരുന്ന 4 സംഖ്യകൾ കൂടി എഴുതുക.

c) ഇത് തുടർന്ന് എഴുതിയാൽ അതിൽ 100 ഉണ്ടാകുമോ? എന്തുകൊണ്ട്?

d) 169 നെ 8 ന്റെ മടങ്ങും മിച്ചവുമായി എഴുതുക.

**അഞ്ചാമത്തെ ചോദ്യത്തിൽ 2 ചോദ്യങ്ങളുണ്ട് (5A യും 5B യും). ഇവയിൽ ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.**

**(5)** A.

a) 18 × 12 ന് തുല്യമല്ലാത്തത് ഏതാണ്?

**A.** (10 × 12) + (8 × 12)

**B.** (20 × 12) – (2 × 12)

**C.** (18 × 10) + (18 × 2)

**D.** (18 × 2) + (18 × 1)

b) 36 × 17 ചതുരത്തിലെഴുതി ഗുണിച്ചത് നോക്കൂ. വിട്ടുപോയവ എഴുതുക.

| | 30 | 6 |
|---|---|---|
| 10 | ..................... | 60 |
| 7 | ..................... | ..................... |

36 × 17 എത്രയാണ്?

c) 300 × 12 = 3600 ആണ്. ഇതുപയോഗിച്ച് കണ്ടെത്താവുന്ന ചില ക്രിയകൾ ചുവടെ തന്നിരിക്കുന്നു.

| കോളം 1 |
|---|
| a) 299 × 12 |
| b) 301 × 12 |
| c) 300 × 13 |

| കോളം 2 |
|---|
| 1) 3600 + 300 |
| 2) 3600 – 12 |
| 3) 3600 + 12 |

കോളം 1 ൽ ഉള്ളവയ്ക്ക് തുല്യമായത് കോളം 2 ൽ നിന്ന് കണ്ടെത്തി എഴുതിയവയാണ് ചുവടെ തന്നിട്ടുള്ളത്. അതിൽ ശരിയായത് ഏത്?

© State Assessment cell – SCERT Kerala

**A.** a – 3 b – 2 c – 1
**B.** a – 2 b – 3 c – 1
**C.** a – 2 b – 1 c – 3
**D.** a – 3 b – 1 c – 2

**അല്ലെങ്കിൽ**

**(5) B.**

a. 132 × 13 ഉം 32 × 13 ഉം തമ്മിലുള്ള വ്യത്യാസം താഴെ കൊടുത്തവയിൽ ഏതാണ്?

**A.** 100 × 13

**B.** 100 × 32

**C.** 1 × 13

**D.** 1 × 32

b. 117 നെ ഒരു സംഖ്യ കൊണ്ട് ഗുണിച്ച രീതിയാണ് താഴെ കാണുന്നത്.


| | 100 | 10 | 7 |
|---|---|---|---|
| ……. | 1000 | ……. | ……. |
| ……. | ……. | ……. | 70 |
| ……. | 200 | ……. | ……. |

വിട്ടുപോയ ഭാഗങ്ങളിലെ സംഖ്യകൾ എഴുതുക. ഏതൊക്കെ സംഖ്യകളെയാണ് ഗുണിച്ചത്? ഗുണനഫലം എത്ര?

**ആറാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട്. (6 A യും 6 B യും). ഇവയിൽ ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.**

**(6)** A.

a.



© State Assessment cell - SCERT Kerala

ചിത്രത്തിൽ ചതുരത്തിനകത്ത് വൃത്തം വരച്ചിരിക്കുന്നു. താഴെ കൊടുത്തവയിൽ ശരിയായത് ഏത്?


A. വൃത്തത്തിന്റെ ആരം ചതുരത്തിന്റെ ഉയരത്തിന് തുല്യമാണ്.

B. വൃത്തത്തിന്റെ ആരത്തിന്റെ ഇരട്ടിയാണ് 2 മടങ്ങാന്  ചതുരത്തിന്റെ നീളം.

C. വൃത്തത്തിന്റെ ആരത്തിന്റെ ഇരട്ടിയാണ് ചതുരത്തിന്റെ ഉയരം.

D. വൃത്തത്തിന്റെ ആരത്തിന്റെ പകുതിയാണ് ചതുരത്തിന്റെ ഉയരം.

b.




5 സെ.മീ. വശമുള്ള സമചതുരങ്ങൾക്ക് അകത്തും പുറത്തും വട്ടങ്ങൾ വരച്ചിരിക്കുന്നു. ഈ അളവിൽ ചിത്രങ്ങൾ വരയ്ക്കുക. ഷെയ്ഡ് ചെയ്യുക

**അല്ലെങ്കിൽ**

**6.B.**

a.



ചിത്രത്തിൽ താഴെയുള്ള വരയുടെ നീളം 5 സെന്റിമീറ്ററും, ഇടത്തും വലത്തും വരച്ചിരിക്കുന്ന വരയുടെ നീളം 3 സെന്റിമീറ്ററും ആണ്. ഇടത്തും വലത്തും വരച്ച വരകൾ ഒരേ ചരിവിലല്ല.

ചിത്രത്തെക്കുറിച്ച് ശരിയായ പ്രസ്താവന താഴെ കൊടുത്തവയിൽ ഏതാണ്?

A. ഇത് ഒരു ചതുരമാണ്.


© State Assessment cell – SCERT Kerala

B. ഈ ചിത്രത്തിൽ താഴെയും മുകളിലുമുള്ള വരകൾ ഒരേ നീളമുള്ളവയാണ്.

C. താഴെയും മുകളിലുമുള്ള വരകൾ ഒരേ നീളമുള്ളവയല്ല.

D. ഇവയുടെ മൂല മട്ടത്തിന്റെ ഒരേ മൂലകൾ വച്ചു വരച്ചവയാണ്.

b.



3സെമീ ആരമുള്ള വൃത്തം വരയ്ക്കുക. അതിൽ തന്നിരിക്കുന്ന പാറ്റേൺ വരച്ച് ഷെയ്ഡ് ചെയ്ത് ഭംഗിയാക്കുക.

© State Assessment cell - SCERT Kerala